ലംഘിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി കർശനമായ എല്ലാ നടപടികളും കൈക്കൊള്ളാമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വെള്ളത്തിന്റെ ദൗർലഭ്യം കാരണം പാലക്കാട്-ചിറ്റൂർ മേഖലയിലും മറ്റ് മേഖലകളിലും ഇപ്പോൾ അനുഭവപ്പെട്ടുവരുന്ന വരൾച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് തടയുന്നതിനായി പറമ്പിക്കുളം-അലിയാർ പദ്ധതിയിൽ നിന്ന് 450 ടി.എം.സി. ജലം അടിയന്തിരമായി വിട്ടുതരണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. വെള്ളം അനുവദിച്ചുകൊണ്ട് തമിഴ്നാട് സർക്കാരിന്റെ അറിയിപ്പ് ഇന്നലെ, മാർച്ച് 29-ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(6) ഇരവിപേരൂർ പഞ്ചായത്തിൽ 7-ാം വാർഡിൽ തങ്കച്ചന്റെ ദുരൂഹ മരണം

ശ്രീ. ടി. എസ്. ജോൺ : സർ, തിരുവല്ലം പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള ഇരവിപേരൂർ പഞ്ചായത്തിലെ 7-ാം വാർഡിൽ നെല്ലിമല തങ്കച്ചൻ എന്ന പേരുള്ള ആൾ സംശയാസ്പദമായ സാഹചര്യത്തിൽ മരിച്ച നിലയിൽ ഒരു കലുങ്കിന് അടിയിലെ വെള്ളത്തിൽ കഴിഞ്ഞ മാസം കാണപ്പെടുകയുണ്ടായി. മരണ കാരണത്തെപ്പറ്റി പോസ്റ്റ്മാർട്ടം നടത്തിയ ഡോക്ടർക്ക് ഒരു നിഗമനത്തിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. ലോക്കൽ പോലീസിന്റെ അന്വേഷണം ഒരു പ്രഹസനമാണെന്നാണ് നാട്ടിലെ ആളുകളുടെ അഭിപ്രായം. ആയതിനാൽ ക്രൈംബ്രാഞ്ചിനെ അന്വേഷണം ഏൽപിച്ച് നിഷ്പക്ഷമായ ഒരന്വേഷണം നടത്തി ജനങ്ങളുടെ സംശയം ദൂരികരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. .

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, പത്തനംതിട്ട ഇരവിപേരൂർ പഞ്ചായത്തിൽ കല്ലഴത്തിൽ വീട്ടിൽ തങ്കച്ചനെ 17-2-2000 മുതൽ കാണാനില്ലെന്ന് കാണിച്ച് ഫെബ്രുവരി 22-ന് തങ്കച്ചന്റെ ഭാര്യ പരാതി നൽകി. ഇതുസംബന്ധിച്ച് തിരുവല്ല പോലീസ് സ്റ്റേഷനിൽ ക്രൈം 115/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ഫെബ്രുവരി 22-ന് തങ്കച്ചന്റെ മൃതദേഹം കൈതച്ചാൽ എന്ന സ്ഥലത്ത് ഒരു കലുങ്കിന് സമീപമുള്ള പുരയിടത്തിൽ കാണപ്പെടുകയും ചെയ്തു. രാസ പരിശോധനാഫലം ലഭിച്ചാലേ മരണകാരണം വ്യക്തമാകൂ എന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുണ്ട്. രാസ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കി അന്വേഷണം ത്വരിതപ്പെടുത്താൻ പത്തനംതിട്ട എസ്. പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) ശ്രീലങ്കയിൽ നിന്നും പുനരധിവസിക്കപ്പെട്ട ആർ. പി. എൽ. തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി.എസ്. സുപാൽ : സർ, ശ്രീലങ്കയിൽ നിന്നും പുനരധിവസിക്കപ്പെട്ടവരാണ് ആർ. പി. എൽ.-ലെ തൊഴിലാളികൾ. അവർ ഇവിടെ വന്ന അവസരത്തിൽ അവർക്ക് ഒരു ഫാമിലി കാർഡ് കൊടുത്തിരുന്നു. ആ കാർഡിൽ പേരുള്ളവർക്ക് മാത്രമേ ആർ.പി.എൽ-ൽ ജോലി ലഭിക്കൂ. ഇപ്പോഴത്തെ പ്രശ്നമെന്ന് പറയുന്നത് അവിടെ ജനിച്ച കുട്ടികളുടെ പേര് ഫാമിലി കാർഡിൽ ഉൾപ്പെടുത്താത്തതുകൊണ്ട് ആ കുട്ടികൾക്ക് ജോലി ലഭിക്കാത്ത സാഹചര്യമാണ്. അവരുടെ പേര് ഫാമിലി കാർഡിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുപോലെതന്നെ അവിടെ നിന്ന് വന്നവർക്ക് ലഭിച്ച വീടുകളിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമേയുള്ളൂ. അവയും ഇപ്പോൾ ഉപയോഗ ശൂന്യമായിരിക്കുകയാണ്. കാരണം, അന്ന് രണ്ടോ മൂന്നോ അംഗങ്ങൾ മാത്രമേയുണ്ടായിരുന്നുള്ളൂ. ആ കുടുംബത്തെ സംബന്ധിച്ചിടത്തോളം ഇന്ന് പത്തും പതിനഞ്ചും അംഗങ്ങളാണ് ഓരോ കുടുംബത്തിലുമുള്ളത്. അതുകൊണ്ട് സ്ഥലപരിമിതി ഒരു വലിയ പ്രശ്നമാണ്. അതുകൊണ്ട് അവർക്കുവേണ്ടി ഒരു ഭവനനിർമ്മാണ പദ്ധതിക്ക് രൂപം നൽകണമെന്നാണ് ആവശ്യപ്പെടാനുള്ളത്. അതുപോലെതന്നെ പല കുടുംബങ്ങൾക്കുംകൂടി ഒരു വൈദ്യുതി മീറ്ററാണുള്ളത്. അത് അശാസ്ത്രീയമായ സംവിധാനമായതുകൊണ്ട് ഓരോ കുടുംബത്തിലും പ്രത്യേകം വൈദ്യുതി മീറ്റർ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, ശ്രീലങ്കയിൽ നിന്നുള്ള അഭയാർത്തികളുടെ ആശ്രിതരെ കുടുംബ കാർഡിൽ ഉൾപ്പെടുത്തുന്നതും അവർക്ക് ജോലി നൽകുന്നതും സംബന്ധിച്ച് ഇൻഡ്യാ ഗവൺമെന്റാണ് തീരുമാനമെടുക്കേണ്ടത്. കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് കുടുംബകാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത ആശ്രിതർക്ക് ജോലി ലഭിക്കാൻ അർഹതയില്ല. ഓരോ തൊഴിലാളിക്കും പ്രത്യേകം വീടുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ നിർമ്മാണം ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതാണ്. ഓരോ വീടിനും ഇലക്ട്രിസിറ്റി മീറ്റർ നൽകുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. ആയിരനെല്ലൂർ എസ്റ്റേറ്റിലെ എല്ലാ വീടുകൾക്കും കുളത്തുപ്പുഴ എസ്റ്റേറ്റിലെ രണ്ടു കോളനികൾക്കും പ്രത്യേക മീറ്റർ കണക്ഷൻ നൽകിക്കഴിഞ്ഞു. ബാക്കിയുള്ള കോളനികളിൽ പ്രത്യേക മീറ്റർ കണക്ഷനു വേണ്ടിയുള്ള പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജോലി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിനകം തന്നെ കുളത്തുപ്പുഴ എസ്റ്റേറ്റിൽ റബർ ഷീറ്റിംഗ് ഫാക്ടറി തുടങ്ങിക്കഴിഞ്ഞു. ഇതുമൂലം മുപ്പതു തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിഞ്ഞു. ഈ ഫാക്ടറി വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. അതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(8) വിമുക്തഭടക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

ശ്രീ. എം. മുരളി: സർ, വിമുക്ത ഭടന്മാർക്കുവേണ്ടി രാജ്യസൈനിക ബോർഡ് നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ അപര്യാപ്തമാണെന്ന് കേരളത്തിലെ വിമുക്തഭടന്മാർ നിരന്തരമായി പരാതി ഉന്നയിച്ചിരുന്നു. അതിനെത്തുടർന്ന് 1995-ൽ ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് ഒരു വിമുക്തഭട ക്ഷേമ കോർപ്പറേഷൻ നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ചു. ഈ കോർപ്പറേഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് അന്ന് ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. കഴിഞ്ഞ നാലുവർഷക്കാലമായി വിമുക്തഭടക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്; ഫലപ്രദമല്ല. രാജ്യസേവനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മുൻ സൈനികരുടെയും ഏറ്റവും ഒടുവിൽ കാർഗിലിലെ യുദ്ധഭൂമിയിൽ മരിച്ചുവീണ ധീര സൈനികരുടെയും കുടുംബാംഗങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly